പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2022

15.7.2016-ൽ
മറുപടിയ്ക്ക്

# എക്സൈസ് വകുപ്പിന്റെ ആധുനികവത്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് കുന്നപ്പിള്ളി :<br>ശ്രീ. അനിൽ അക്കര :<br>ശ്രീ.സണ്ണി ജോസഫ് :<br>ശ്രീ.എം.വിൻസന്റ് : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എക്സൈസ് വകുപ്പിന്റെ ആധുനികവത്കരണത്തിനും ശാക്തീകരണത്തിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് കഴിഞ്ഞ ഗവൺമെന്റ് നടപ്പിലാക്കിയത് ; വിശദീകരിക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാമെന്ന് വിശദീകരിക്കുമോ ; | (എ) യും (ബി) യും കേരളാ സ്റ്റേറ്റ് എക്സൈസ് അക്കാദമി നവീകരിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകളുടെ അടിസ്ഥാന സൗകര്യത്തിനും നവീകരണത്തിനുമായി 19 ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മോഡ്യൂളുകൾ സ്ഥാപിച്ചിട്ടുണ്ട്. ലൈസൻസ് നേടി പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ശുദ്ധമായ മദ്യം മാത്രമെ വിതരണം ചെയ്യുന്നുള്ളു എന്ന് ഉറപ്പ് വരുത്തുന്നതിനായി ദക്ഷിണ മേഖല ക്രേന്ദീകരിച്ച് തിരുവനന്തപുരം ജില്ലയിലും മദ്ധ്യമേഖല കേന്ദ്രീകരിച്ച് എറണാകുളം ജില്ലയിലും ഒരോ മൊബൈൽ ലാബുകൾ സ്ഥാപിച്ചു എക്സൈസ് വകുപ്പിലെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർക്കു മുകളിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും, ഇന്റലിജൻസ് ബ്യൂറോ ഇൻസ്പെക്ടർമാർക്കും ഇ-മെയിൽ ഐ.ഡി. യും ഫീൽഡ് ഓഫീസുകളിലെ പ്രിവന്റീവ് ഓഫീസർ മുതൽ മുകളിലേയ്ക്കുള്ള എല്ലാ ഉദ്യോഗസ്ഥർക്കും മൊബൈൽ കണക്ഷനും നൽകുകയുണ്ടായി. |

എക്സൈസ് വകുപ്പിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിന് എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോ രൂപീകരിച്ചു മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗത്തിനെതിരെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ ഒരു പ്രത്യേക വിഭാഗം ആരംഭിയ്ക്കുകയും അട്ടപ്പാടിയിലും വയനാട് ജില്ലയിലും ഓരോ ജനമൈത്രീ എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കുകയും ചെയ്തു മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം നിയന്ത്രിക്കുന്ന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ 140 തസ്തികകൾ സൃഷ്ടിച്ചു

എക്സൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ ഇ-ഓഫീസ് സംവിധാനം ആരംഭിച്ചു

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ ഭരണതലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

(സി) എക്സൈസ് അക്കാദമിയുടെ നവീകരണത്തിനായി നടപടികൾ സ്വീകരിച്ചു

എക്സൈസ് ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിനും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി കൈക്കൊള്ളുകയും കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ.